# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P4) 992/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR (P4) 992/2022. തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 05-06-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷാജിത.കെ.എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഫെമിന.എ.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മീന ശലമോൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-12-2020 |
| എസ്.ബസന്ത്ലാൽ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| സുനിത.ടി.വി | സെക്രട്ടറി | 01-04-2020 | 11-06-2020 |
| മിനി.വി | സെക്രട്ടറി | 12-06-2020 | 15-02-2021 |
| സുനന്ദ.ഇ.ആർ | സെക്രട്ടറി | 16-02-2021 | 23-03-2021 |
| മിനി.വി | സെക്രട്ടറി | 24-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്രസൂൺ.പി.പി | അസി.എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ബിനേഷ്.പി.ബി | അസി.എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 01-06-2020 | 21-06-2020 |
| മനോജ് മുഹമ്മദ് | അസി.എഞ്ചിനീയർ | 22-06-2020 | 31-03-2021 |
| ആശാമോൾ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജോഷി.ടി.ഐ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.നിയാസ് അഹമ്മദ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ഷാർലറ്റ് വിൻസന്റ് | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2020 | 31-03-2021 |
| സുനന്ദ.ഇ.ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| രതി.ആർ.മേനോൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ലീജ.എം.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| എലിസബത്ത് ലിസി.ഡി | വി.ഇ.ഒ, കുണ്ടന്നൂർ | 01-04-2020 | 31-03-2021 |
| സൂര്യ.കെ.ആർ | വി.ഇ.ഒ, എരുമപ്പെട്ടി | 01-04-2020 | 31-03-2021 |
| ശ്രീദേവി.പി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| സുസ്മിത.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 13-01-2021 |

| | | | |
|---|---|---|---|
| നന്ദിനി.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-01-2021 | 31-03-2021 |
| ജോമോൾ.സി.ബേബി | അസി.ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-12-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 08-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-06-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 08-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 08-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 08-06-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 30-06-2022) | 1-5 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-6 |
| 9 | കാഷ് വെരിഫിക്കേഷൻ<br>Written By: Femina A.A. (Senior Grade Auditor, On 10-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 14-06-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-8 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 21-06-2022) | 1-9 |
| 12 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-9-1 |
| 13 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 21-06-2022) | 1-9-2 |
| 14 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-9-3 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-4 |
| 16 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-9-5 |

| | | |
|---|---|---|
| | Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | |
| 17 | കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 21-06-2022) | 1-9-6 |
| 18 | തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-7 |
| 19 | വായ്പാ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-8 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 21-06-2022) | 1-9-9 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Jayan VS (Auditor, On 10-06-2022) | 1-9-10 |
| 22 | വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-11 |
| 23 | ജേണൽ വൌച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതി ക്രമീകരിക്കുന്നു<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-12 |
| 24 | Capital Work In Progress എന്ന ശീർഷകത്തിൽ നിന്നുമുള്ള തുക ആസ്തിയായി മാറ്റിയില്ല.<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-13 |
| 25 | മുൻകൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-14 |
| 26 | സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-15 |
| 27 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.<br>Written By: Jayan VS (Auditor, On 12-06-2022)<br>Last Updated By: Jayan VS (Auditor, On 12-06-2022) | 1-9-16 |
| 28 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ചെലവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയീല്ല.<br>Written By: Jayan VS (Auditor, On 13-06-2022)<br>Last Updated By: Jayan VS (Auditor, On 13-06-2022) | 1-9-17 |
| 29 | ഗ്രാമ പഞ്ചായത്തിൽ ജോയിന്റ് കമ്മിറ്റികൾ രൂപീകൃതമായിട്ടില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-10 |
| 30 | പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-11 |
| 31 | ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് | 1-12 |

| | | |
|---|---|---|
| | തുടർനടപടി ഉണ്ടാകണം<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | |
| 32 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-13 |
| 33 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-14 |
| 34 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-15 |
| 35 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-16 |
| 36 | ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Femina A.A. (Senior Grade Auditor, On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-17 |
| 37 | വാടക - പൊതു അപാകതകൾ<br>Written By: Femina A.A. (Senior Grade Auditor, On 13-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 23-06-2022) | 1-18 |
| 38 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തു നികുതി ഈടാക്കി<br>Written By: Femina A.A. (Senior Grade Auditor, On 13-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 30-06-2022) | 1-19 |
| 39 | ഫണ്ട് വകയിരുത്തിയിട്ടും പ്രൊജക്ട് നടപ്പാക്കിയില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 13-06-2022)<br>Last Updated By: K.M.Shajitha (Asst. Audit Officer, On 13-06-2022) | 1-20 |
| 40 | പാലിയേറ്റീവ് സാന്ത്വന പരിചരണ പരിപാടി - മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Jayan VS (Auditor, On 13-06-2022)<br>Last Updated By: Jayan VS (Auditor, On 13-06-2022) | 1-21 |
| 41 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.<br>Written By: Jayan VS (Auditor, On 13-06-2022)<br>Last Updated By: Jayan VS (Auditor, On 13-06-2022) | 1-22 |
| 42 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതി - അപാകതകൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-23 |
| 43 | സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്.<br>Written By: Jayan VS (Auditor, On 13-06-2022)<br>Last Updated By: Jayan VS (Auditor, On 23-06-2022) | 1-24 |
| 44 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: K.M.Shajitha (Asst. Audit Officer, On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-25 |
| 45 | ആട് ഗ്രാമം പദ്ധതി - അപാകതകൾ<br>Written By: K.M.Shajitha (Asst. Audit Officer, On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-26 |

| | | |
|---|---|---|
| 46 | ഗുണഭോക്തൃ വിഹിതം കേരള ഫീഡ്സിന് കൈമാറുന്നതിൽ കാലതാമസം വരുത്തി<br>Written By: K.M.Shajitha (Asst. Audit Officer, On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-27 |
| 47 | സെക്രട്ടറി നടപ്പാലാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 10-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-28 |
| 48 | പത്രപരസ്യ ചാർജ്ജ് - സർക്കാർ ഉത്തരവിനനുസരിച്ചുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല<br>Written By: Sudha.E.N (Asst. Audit Officer, On 10-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-29 |
| 49 | ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല<br>Written By: Sudha.E.N (Asst. Audit Officer, On 10-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-30 |
| 50 | MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-31 |
| 51 | കാന നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റിയപ്പോൾ ലഭിച്ച കരിങ്കല്ലിന്റെ തുടർ വിവരം ആവശ്യപ്പെടുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-32 |
| 52 | ഡവലപ്പ്മെന്റ് ഫണ്ട് SCP യിൽ നിന്നും ചെലവ് - രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-33 |
| 53 | GST Compensation ഇനത്തിൽ തുക അനുവദിച്ചു നൽകിയത് ക്രമത്തിലല്ല<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | GST Compensation ഇനത്തിൽ തുക അനുവദിച്ചു നൽകിയത് ക്രമത്തിലല്ല<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 30-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Femina A.A. (Senior Grade Auditor, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayan VS (Auditor, On 11-06-2022)<br>Last Updated By: Jayan VS (Auditor, On 11-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 13-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayan VS (Auditor, On 10-06-2022)<br>Last Updated By: N Satheesan (Deputy Director, On 03-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 05.03.20 ലെ തീരുമാനം 1പ്രകാരം 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 09.03.20ലെ ഭരണസമിതി യോഗത്തിൽ കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 1,99,89,981രൂപയും, പ്രതീക്ഷിത വരുമാനം 22,46,19,000 രൂപയും ചേർത്ത് ആകെ വരവ് 24,46,08,981രൂപയും ആകെ ചെലവ് 23,95,82,200 രൂപയും നീക്കിബാക്കി 50,26,781 രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 18.03.20 ലെ തീരുമാനം 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. 19.02.21 ലെ യോഗത്തിലെ തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 06.02.21 ലെ തീരുമാനം 2(1) പ്രകാരം അംഗീകരിച്ചതിൽ നിന്ന് വ്യത്യസ്തമായി) 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 3,60,64,176രൂപയും, പ്രതീക്ഷിത വരുമാനം 21,46,19,000രൂപയും ചേർത്ത് ആകെ വരവ് 25,06,83,176 രൂപയും ആകെ ചെലവ് 23,12,93,000രൂപയും നീക്കിബാക്കി 1,93,90,176രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി (വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്) മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | ചേർത്തിട്ടില്ല | -- |
| വികസനം | 27.01.20 | സമയപരിധി കഴിഞ്ഞ് |
| ക്ഷേമകാര്യം | ചേർത്തിട്ടില്ല | -- |

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ റിക്കവറികൾ സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവയുടെ പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല

(Ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ/ഭരണസമിതി തീരുമാന പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

22.04.20 ലെ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം (1) പ്രകാരം, 2019-20 ലെ 117പ്രോജക്ടുകൾ 2020-21ൽ സ്പിൽ ഓവർ ആക്കുന്നതിന് തീരുമാനിച്ച എങ്കിലും (19.05.20ലെ ഭരണ സമിതി തീരുമാനം 3(4) പ്രകാരം അംഗീകരിച്ചു) ബജറ്റ് പുതുക്കിയില്ല.

14.07.20 ലെ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1 പ്രകാരം, 51പ്രോജക്ടുകളുടെ ഫണ്ട് ശീർഷകം മാറ്റുന്നതിനും, 19 പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും, 2പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 19.02.21 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ 1(1) അനുസരിച്ച് 2020-21 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം 2020-21സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രം ബജറ്റ് പുതുക്കുന്നത് (യഥാസമയം പുതുക്കാതെ) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 15.06.2021 (AIMS) |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,60,64,176 |
| വരവ് | 9,61,40,552 |
| ആകെ | 13,22,04,728 |

| | |
|---|---|
| ചെലവ് | 10,83,11,355 |
| നീക്കിയിരിപ്പ് | 2,38,93,373 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായതുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,42,07,321 | 1,42,07,321 | 1,42,07,321 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1,21,10,941 | 1,21,10,941 | 1,03,78,420 | 17,32,521 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,01,99,000 | 1,01,99,000 | 1,01,65,647 | 33,353 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 49,84,075 | 49,84,075 | 49,84,075 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied + Untied) (ACR പ്രകാരം) | | 0 | 1,87,36,242 | 1,87,36,242 | 1,43,16,964 | 24,53,353 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 4,75,99,604 | 4,75,99,604 | 4,75,99,604 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7,38,480 | 10,90,618 | 18,29,098 | 18,28,098 | 0* |
| | ആകെ | 7,38,480 | 4,86,90,222 | 4,94,28,702 | 4,94,27,702 | 0* |

*ഓഫീസ് ചെലവിനത്തിൽ 1,000/- രൂപ ചെലവഴിച്ചതിനാൽ നീക്കിയിരിപ്പ് ഇല്ല എന്ന് അറിയിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 275 | 11,48,94,090 | 181 | 7,59,23,445 | 79 | 15 | 65.82 |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 74,18,200 | 444 |
| വിധവാപെൻഷൻ | 2,33,00,200 | 1505 |
| വാർദ്ധക്യകാലപെൻഷൻ | 3,94,08,800 | 2,610 |
| വികലാംഗപെൻഷൻ | 63,73,800 | 428 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ | 40,12,000 | 258 |

## 1-7 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.06.2022 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,320/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-9-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}.

### 1-9-2 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01/04/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 107 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-9-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1തൻവർഷം

1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2333805 | 2275622 | 23763 | 37387 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2333805 | 2274861 | *761 | 37446* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection - PT On Res. Bldg - ന്റെ ലെഡ്ജർ) | *(39318/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1875115 | 1696232 | 5929 | 176887 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1875115 | 1696232 | 0* | 176910** |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | **(185755/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2കുടിശ്ശിക

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 78954 | 55923 | 23318 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 16232 * | 55923 | 23376** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (12561+4483=17044/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(24545/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 262419 | 128251 | 135085 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 373040 | 128251 | 135451 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(287858+103834=391692/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(142224/105X100)=622680 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 119501 | 4302 | 123803 | 116248 | 2863 | 119111 | 1378 | | 1931 | 1227 | 3276 |
| | നോൺ-റെസിഡൻഷ്യൽ | 95140 | 13731 | 108871 | 85431 | 6426 | 91857 | 307 | | 8868 | 7139 | 16028 |
| | ആകെ | 232674 | | | 210968 | | | 1685 | | 19304 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 235916 | | | 210968 | | | | 5783 | 19165 | | |
| | | 21275+214641 =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | Cess/levies ലെഡ്ജർ 2020-21) | | | | |

4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ: 1.1, 1.2, 2.1, 2.2, 2.3, 3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 391842 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 18659 (391842/105X5 ) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 19165 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-9-4 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 7284 | 01.04.2020 | 42000338 |
| 2. | തൊഴിൽ നികുതി (ട്രേഡേഴ്സ്) | 110200101-Profession Tax Institutions/Traders | 413540 | 01.04.2020 | 42000343 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-9-5 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditureപത്രിക പ്രകാരം 4490412/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

31/03/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Plant, Machinery & Tools എന്ന ആസ്തികൾക്ക് 258170/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/03/2021 ലെ Accumalated Depreciation 342954 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക അടുത്ത വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-9-6 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-9-7 തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 49427702/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ വിവിധ റോഡുകൾ നിർമിക്കുന്നതിനുള്ള 3563300/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | സൗഹൃദ ക്ലബ്ബ് ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 256440 |

| | | |
|---|---|---|
| 2 | തിപ്പല്ലൂർ അഖില് ബാബു റോഡ് കോൺക്രീറ്റിംഗ് | 338460 |
| 3 | അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് | 393730 |
| 4 | ഗോഡൗൺ റോഡ് കോൺക്രീറ്റിംഗ് | 424350 |
| 5 | പുന്നപ്ര റോഡ് കോൺക്രീറ്റിംഗ് | 309390 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 3563300/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 3563300/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-9-8 വായ്പാ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ലെഡ്ജർ പ്രകാരം വായ്പ ഇനത്തിൽ തൻവർഷം 1880812/- രൂപ വരവുണ്ട്. 31/03/2021 ൽ 7391363 രൂപ KURDFC യ്ക്ക് തിരിച്ചടക്കാൻ ബാക്കിയുമുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് 2021-22 ൽ ചേർക്കേണ്ടതാണ്.

## 1-9-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-9-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12170803 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (9851113) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-9-11 വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.

31/03/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ (എം.എസ്) 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-9-12 ജേണൽ വൌച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/03/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 19567 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 33102 |
| 280100105-Prior Period Income-Service Cess On Residential Buildings | 5365 |
| 280100106-Prior Period Income-Service Cess On Non-Residential Buildings | 32322 |
| 280200401-Prior Period Income-Other Income | 3272 |
| 280800601-Prior Period-Revenue Grants & Contributions | 65882 |

### 1-9-13 Capital Work In Progress എന്ന ശീർഷകത്തിൽ നിന്നുമുള്ള തുക ആസ്തിയായി മാറ്റിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/03/2021 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/03/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 11,28,331/- രൂപയാണ്. എന്നാൽ 31/03/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 14,08,532/- രൂപയാണ്.

### 1-9-14 മുൻകൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 166160 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 61900 |

### 1-9-15 സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ് GO(Rt)No.2657/2020/Fin, 01.04.2020, GO(Rt)No.3033/2020/Fin, 14.05.2020, GO(Rt)No.4461/2020/Fin, 03.08.2020, GO(Rt)No.43/2020/Fin, 01.01.2021 എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിൽ നാല് ഗഡുക്കളിലായി 1,58,58,000/- (40,90,700+20,45,350+20,45,250+40,90,700) രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിക്കുമ്പോൾ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട (TC) തുക സഹിതമാണ് പഞ്ചായത്തിന് അറ്റ തുകയായി അനുവദിക്കുന്നത്. ഈ അറ്റ തുകയാണ് പഞ്ചായത്ത് ACR പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിലെ വരവായി ചേർത്തിരിക്കുന്നത്. എന്നാൽ അംഗൻവാടി TC ഇനത്തിൽ 3,94,200/- രൂപ മൂന്ന് പ്രാവശ്യം സുലേഖ പത്രികയിൽ ചെലവ് ബുക്ക് ചെയ്തിട്ടുള്ളതും ACR പത്രികയിലെ Allocation പ്രകാരം ചേർത്തിട്ടില്ലാത്തതുമാണ്. ഇപ്രകാരം ചെയ്തതിനാൽ സുലേഖയിൽ ബുക്ക് ചെയ്തിരിക്കുന്ന ചെലവ് ACR ചെലവിനേക്കാൾ കൂടിയാണ് (394200x3=11,82,600) നിൽക്കുന്നത്.

2) സർക്കാർ ഉത്തരവ് പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിലെ തുക അനുവദിക്കുമ്പോൾ രണ്ട് ഗഡുക്കളിലായി 4,68,079/- (234039+234040=468079) രൂപ പഞ്ചായത്തിന്റെ ലൈഫ് വിഹിതമായി സർക്കാരിലേക്ക് അടവാക്കേണ്ട തുക ഉത്ഭവത്തിൽ നിന്ന് തന്നെ കുറവ് ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്. ഈ തുക കഴിച്ചുള്ള തുക മാത്രമാണ് ഓരോ പ്രാവശ്യവും അറ്റ തുകയായി പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള അറ്റ തുക മാത്രമാണ് ACR പത്രികയിൽ പഞ്ചായത്ത് ബുക്ക് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഉത്ഭവത്തിൽ നിന്നും ക്രമീകരിച്ച തുക സുലേഖ പത്രികയിലോ ACR പത്രികയിലോ ചെലവായി ബുക്ക് ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ 4,68,079/- രൂപ സർക്കാർ ഉത്ഭവത്തിൽ തന്നെ ക്രമീകരിച്ചത് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്.

മേൽ പ്രസ്താവിച്ച പ്രകാരമുള്ള വ്യത്യാസം എസ്.സി.പി ഫണ്ടിനത്തിലും സംഭവിച്ചിട്ടുണ്ട്. സാങ്കേതികമായ അപാകതകൾ മൂലം ഇത്തരം അപാകതകൾ സംഭവിക്കുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-9-16 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികം കാലാവധി പൂർത്തിയാക്കിയ തുകകൾ വിവിധ സെക്യൂരിറ്റി ഡെപ്പോസിറ്റ് ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

| ഇനം | ശീർഷകം | കാലയളവ് | തുക |
|---|---|---|---|
| Contractors EMD | 340100101 | 11.11.2016 മുതൽ 10.10.2018 വരെ | 1,43,615 |
| Suppliers EMD | 340100102 | 23.12.2016 മുതൽ 07.12.2018 വരെ | 16,360 |
| Contractors Security Deposit | 340100201 | 30.11.2016 മുതൽ 27.03.2017 വരെ | 13,765 |

ആയത് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

Other Deposit – Revenue (340200199) എന്നയിനത്തിൽ 01.04.2017 തീയതിയിൽ വസ്തുനികുതിയിനത്തിൽ 1,76,786/- രൂപയും സർവ്വീസ് സെസ്സ് ഇനത്തിൽ 43,088/- രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 7,172/- രൂപയും 31.03.2018 തീയതിയിൽ Excess Library Cess ഇനത്തിൽ 13,762/- രൂപയും അവശേഷിക്കുന്നുണ്ട്. ആയത് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-9-17 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ചെലവായി വാർഷിക കണക്കിൽ

## ഉൾപ്പെടുത്തിയില്ല.

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) രണ്ടാം ഗഡു അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 50,925/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

## 1-10 ഗ്രാമ പഞ്ചായത്തിൽ ജോയിന്റ് കമ്മിറ്റികൾ രൂപീകൃതമായിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അധികാരം നൽകുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ ഇപ്രകാരം ജോയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01/06.06.22) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-11 പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, ഗ്രാമ പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.02/06.06.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

## 1-12 ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.03/06.06.22) ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്ത് ഭരണത്തെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ഗൂഗിൾ ഷീറ്റ് മുഖേന സമർപ്പിക്കുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടിയുള്ളതായി അറിയിച്ചിട്ടില്ല. അതിനാൽ ഓഡിറ്റ് കാലയളവിൽ ഇപ്രകാരം ഒരു റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്നാണ് കാണുന്നത്. നിയമവ്യവസ്ഥ പാലിക്കാൻ ഗ്രാമ പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം ) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 08/07.06.22) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഇല്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്. ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ഇല്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-14 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 13തീ. 09.06.2022 ) നൽകിയതിന് മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 19.05.20ലെ ഭരണസമിതി തീരുമാനം 10(2) താഴെ ചേർക്കുന്നു.

"എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് കാഞ്ഞിരക്കോട് തോട്ടുപാലം ഭാഗത്തുള്ള തോടിന് കുറുകെയുള്ള ചിറപാലം വീതി കുറഞ്ഞതും കൈവരി ഇല്ലാത്തതും അപകടസാധ്യത നിലനിൽക്കുന്നതുമായതിനാൽ ഈ പാലത്തിൽ 2 അടി വീതിയുള്ള ബീംനിർമ്മിക്കുന്നതിന് തദ്ദേശ വാസികൾക്ക് അനുമതി നൽകുകയോ അല്ലെങ്കിൽ പഞ്ചായത്ത് പ്രവൃത്തി നടത്തുകയോ ചെയ്യണമെന്ന് കാണിച്ച് തദ്ദേശവാസികൾ സമർപ്പിച്ച അപേക്ഷ വായിച്ചു. പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കുന്നതിന് നിർവാഹമില്ലാത്ത സാഹചര്യമാണ് എന്നുള്ളതിനാൽ പഞ്ചായത്ത് അസി എൻജിനിയറുടെ മേൽ നോട്ടത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് തദ്ദേശ വാസികൾക്ക് അനുമതി നൽകുന്നതിന് യോഗം ഐക്യകണ്ഠേന തീരുമാനിച്ചു "

(Iii) 19.05.20ലെ ഭരണസമിതി തീരുമാനം 15(1) താഴെ ചേർക്കുന്നു.

"കണ്ടന്നൂർ FWC സബ്ബ് സെന്റർ കെട്ടിടം ഉപയോഗ യോഗ്യമല്ലാത്തതിനാൽ പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് സി എച്ച് സി സൂപ്രണ്ട് നൽകിയ അപേക്ഷ യോഗം പരിശോധിച്ചു. എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ പരിശോധിച്ച റിപ്പോർട്ട് പ്രകാരം കെട്ടിടം ഉപയോഗിക്കാൻ പറ്റാത്തവിധം കാലപഴക്കമുള്ളതാണെന്ന്എന്ന് യോഗം വിലയിരുത്തി "

(Iv) 30.06.20ലെ ഭരണസമിതി തീരുമാനം 1(10) താഴെ ചേർക്കുന്നു.

"എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തുന്ന ചിറ്റണ്ട പടിഞ്ഞാറ്റുമുറി ചാത്തംകുളം റോഡ് പുനരുദ്ധാരണം പദ്ധതിക്ക് 6,72,00,000 രൂപ അനുവദിച്ചിട്ടുള്ളതും പ്രസ്തുത പ്രവൃത്തിക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത റോഡിന് വേണ്ടി പഞ്ചായത്ത് പദ്ധതി വകയിരുത്തിയിട്ടില്ല എന്നും ആസ്തി രജിസ്റ്ററിന്റെ പകർപ്പും പ്രവൃത്തിക്ക് വേണ്ടി റോഡ് കൈമാറി നൽകുന്നതിനും ആവശ്യപ്പെട്ട് പ്രൊജക്ട് ഡയറക്ടർ റീ ബിൽഡ് കേരള സമർപ്പിച്ച കത്ത് വായിച്ചു. പ്രസ്തുത റോഡ് റീ ബിൽഡ് കേരളയുടെ പദ്ധതിക്ക് വേണ്ടി കൈമാറി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു" . എന്നാൽ പഞ്ചായത്ത് ഈ പേരിലുള്ള റോഡിൽ കോൺക്രീറ്റിംഗ് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-15 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/09.06.22)

## 1-16 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യൂഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

3) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—ചില കരാറുകളിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയ ചില പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്. ഉദാഹരണത്തിന് 1) പ്രോജക്ട് നംപർ 68/21 കുണ്ടുപറമ്പ് കരിയന്നൂർ ഫസ്റ്റ് സ്ട്രീറ്റ് കോൺക്രീറ്റിംഗ് 2) പ്രോജക്ട് നംപർ 73/21 നെല്ലുവായ് വായനശാലാ റോഡ് കോൺക്രീറ്റിംഗ്

4) പ്രവൃത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യൂണീക്ക് നംപർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

## 1-17 ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

I. എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1387 |
| 2 | 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 15 |
| 3 | 200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങ് | 6 |
| 4 | 200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 0 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ | 6 |
| 6 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 29 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് | 24 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 13 |
| | ആകെ | 1480 |

ഗ്രാമപഞ്ചായത്തിൽ ആകെ 1480 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 20-21 വർഷം ഫാക്ടറീസ്, ട്രേഡ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1480 കെട്ടിടങ്ങളിൽ 382 സ്ഥാപനങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 1098 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ 25% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 75% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനും, സുരക്ഷിതത്വത്തിന് വെല്ലുവിളികൾ ഉയർത്തുന്നതിനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി

ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

II.എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപേക്ഷകൾ പൂർണ്ണമല്ല.

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. മിക്ക അപേക്ഷകളിലും മൂലധനനിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ഇത്തരത്തിലുള്ള അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. അപേക്ഷകൾ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ളവയാണെന്ന് ഉറപ്പാക്കേണ്ടതും ലൈസൻസ് ഫീസ് ആയതിനനുസൃതമായി ഈടാക്കേണ്ടതുമാണ്.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം31/ 13.06.2022) മറുപടി നല്കിയിട്ടില്ല.

## 1-18 വാടക - പൊതു അപാകതകൾ

1. 2020-21 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക 91,116 രൂപയാണ്. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 16-ാം വാർഡിലെ 445, 482 എന്നീ നമ്പർ കെട്ടിടങ്ങൾ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്നതും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വനിതവ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ SIND(R) 350 ന് വാടകക്ക് നല്കിയിരുന്നതുമാണ്. 2008-2009 സാമ്പത്തിക വർഷം മുതൽ 2016-17 വരെ ഈ കെട്ടിടത്തിന് 91,116 രൂപ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതും നാളിതുവരെയായി കുടിശ്ശിക ഒന്നും തന്നെ അടവാക്കിയിട്ടില്ലാത്തതുമാണ്. കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുണ്ടൻകോട് കോളനി വനിതാ തൊഴിൽ പരിശീലന കേന്ദ്രം 2019 മാർച്ച് വരെയും, മാവേലിസ്റ്റോർ നടത്തിപ്പിന് നല്കിയിരുന്ന കെട്ടിടം 2019 ജൂൺ വരെയും മാത്രമാണ് വാടകയ്ക്ക് നല്കിയിട്ടുള്ളത്. മുറികൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26/10.06.2022) മറുപടി നല്കിയിട്ടില്ല.

## 1-19 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തു നികുതി ഈടാക്കി

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ വസ്തു നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളായാണ് രേഖപ്പെടുത്തിക്കാണുന്നത്.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ പ്രകാരം | | വസ്തു നികുതി രജിസ്റ്റർ പ്രകാരം (സഞ്ചയ പ്രകാരം) | |
|---|---|---|---|
| വാർഡ് നം / കെട്ടിട നമ്പർ | ഉപയോഗം | ഉപയോഗം | നിശ്ചയിച്ച നികുതി |
| 1/166 | ജെ ആർ ഫിലിം ഹൗസ്, | പാർപ്പിടാവശ്യം | നികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 1/3 | സ്റ്റേഷനറി | „ | 87 + 5+ 22 |
| 1/752 | വെജിറ്റബിൾ ഷോപ്പ് | „ | 87 + 5+ 22 |
| 1/696 | സ്റ്റേഷനറി & പലചരക്ക് വില്പന | „ | 130+ 7+ 33 |
| 2/276 A | പലചരക്ക് വില്പന | „ | 504+26+126 |
| 2/34 | ഫുഡ് ഹബ്, ഭക്ഷണശാല | „ | 130+ 7+ 33 |
| 3/ 216 A, 216 B | ധന്വന്തരി ആയുർവ്വേദ ഭവൻ, ആയുർവ്വേദ ആശുപത്രി | „ | 216 B കെട്ടിടത്തിന് നികുതി നിശ്ചയിച്ചിട്ടില്ല. |
| 17/ 197 A | സിനി പ്ലാസ്റ്റ് , പ്ലാസ്റ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം | „ | 503+26+ 126 |

2011 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നികുതി നിരക്കുകൾ വാണിജ്യാവശ്യത്തിനുള്ളവയ്ക്ക് 40 മുതൽ 80 രൂപ വരെയും, വാസഗൃഹങ്ങൾക്ക് 6 രൂപ നിരക്കിലുമാണ് നിശ്ചയിച്ചിട്ടുള്ളത്. നിശ്ചയിച്ചു പ്രകാരമുള്ള നിരക്കുകളിൽ വാണിജ്യാവശ്യത്തിനുള്ള ഷോപ്പ് മുറികൾക്ക് വസ്തുനികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി നിർണ്ണയത്തിൽ സമാനരീതിയിലുള്ള പിഴവുകൾ ഉണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 24/10.06.2022) മറുപടി നല്കിയിട്ടില്ല. വസ്തു നികുതി ചോർച്ച തടയുന്നതിനാവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഫണ്ട് വകയിരുത്തിയിട്ടും പ്രൊജക്ട് നടപ്പാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രൊജക്ട്.നം-237(2020-21)

പ്രൊജക്ട് – വീട്ടുവളപ്പിൽ മത്സ്യകൃഷി

മേൽ പ്രൊജക്ടിനായി സംസ്ഥാനാവിഷ്കൃതഫണ്ട്-295200/-, തനത് ഫണ്ട്- 490400/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 100000/-, മറ്റുളളവ – 1328400/- ഉൾപ്പെടെ ആകെ 2214000/- രൂപ വകയിരുത്തി പ്രൊജക്ടിന് അംഗീകാരം വാങ്ങിയിരുന്നു. ഭരണസമിതിയുടെ 13.10.20 തീയതിയിലെ തീരുമാനം 1 പ്രകാരം 19 പേർ ഉൾപ്പെടുന്ന ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതായും കാണുന്നു. എന്നാൽ മേൽ പ്രൊജക്ട് നടപ്പിലാക്കിയതായി കാണുന്നില്ല. പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ധനസഹായം ആവശ്യമുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഭരണസമിതി അംഗീകരിക്കുകയും പര്യാപ്തമായ ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടും പ്രൊജക്ട് നടപ്പിലാക്കാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്.

## 1-21 പാലിയേറ്റീവ് സാന്ത്വന പരിചരണ പരിപാടി - മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം. 49/21, പാലിയേറ്റീവ് സാന്ത്വന പരിചരണ പരിപാടി
ചെലവ് തുക – 8,99,279/- (വികസന ഫണ്ട്, ജനറൽ)
വൗച്ചർ നമ്പർ – 22001194/29.01.2021, തുക – 4,14,384/-
വൗച്ചർ നമ്പർ – 22001403/05.03.2021, തുക – 33,805/-
മരുന്നിനായി KMSCL ന് പ്രൊഫോർമ ഇൻവോയ്സ് നം. PRF 733/28.05.2020 പ്രകാരം 4,14,384/- രൂപയും പ്രൊഫോർമ ഇൻവോയ്സ് നം. PRF 5894/03.03.2021 പ്രകാരം 33,805/- രൂപയും കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/07.06.2022 ന് മറുപടിയായി KMSCL ൽ നിന്നും മരുന്ന് വാങ്ങുന്നതിന് NAC ആവശ്യമില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. സ.ഉ(കൈ) നം.22/2018/തസ്വഭവ, തീ.14.02.2018 ഖണ്ഡിക 7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിന് വേണ്ടി തുക ചെലവഴിക്കാനോ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്രകാരം മരുന്നിന് തുക നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.
മരുന്ന് ലഭ്യമാക്കിയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

2) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015, ജി.ഒ (ആർ.ടി) 3217/2015, ത.സ്വ.ഭ.വ, തീ.29.10.2015 ഖണ്ഡിക 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ കൈക്കോള്ളേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 25.03.2020 ന് ശേഷം 26.02.2021 തീയതിയിൽ മാത്രമാണ് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്നതും അതിയായ ശ്രദ്ധ അർഹിക്കുന്നതുമായ രോഗികളുടെ പരിചരണത്തിനായി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായിട്ടുള്ളതും അത്യാവശ്യ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമായ മാനേജ്മെന്റ് കമ്മിറ്റി വർഷത്തിൽ ഒരിക്കൽപോലും യോഗം ചേരുന്നില്ലായെന്നത് അടിയന്തിര ശ്രദ്ധ അർഹിക്കുന്നതും മാർഗ്ഗരേഖയ്ക്ക് അനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-22 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.5, തീയതി 07.06.2022)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, സി.എച്ച്.സി, എരുമപ്പെട്ടി | 21.09.2006 | 2020-21 ഉൾപ്പെടെയുള്ളത് |
| ആയുർവ്വേദ വിഭാഗം, ജി.എ.ഡി, കരിയന്നൂർ | 07.06.2016 | 2020-21 ഉൾപ്പെടെയുള്ളത്. |
| ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, എരുമപ്പെട്ടി | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |

## 1-23 അസിസിറ്റൻറ് സെക്രട്ടറി നടപ്പാക്കിയ പദ്ധതി - അപാകതകൾ

പ്രൊജക്ട് നമ്പർ 21/21, വൃദ്ധർക്ക് കട്ടിൽ എസ്.സി, ചെലവ് തുക – 356,700/-
വൗച്ചർ നം. 22001407/09.03.2021, തുക – 3,56,700/- (വികസനഫണ്ട്, എസ്.സി.പി)

I) താഴെ പറയുന്ന ഗുണഭോക്താക്കൾ എസ്.സി വിഭാഗത്തിൽ പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1) അമ്മിണി, കളപുരത്ത്
2) വേലായുധൻ, തിച്ചിപറമ്പിൽ
3) കാളി, ഒട്ടുവിൽവളപ്പിൽ
4) കാളി, നെല്ലിക്കുന്ന് കോളനി

5) ചാമി, ചാത്തൻചിറ
6) വേലായുധൻ, നെല്ലിക്കുന്ന് കോളനി
7) കാർത്ത്യായിനി, കാരപറമ്പിൽ
8) ദേവകി, വീരത്ത്
9) കാളി, പാറയ്ക്കൽ

II) താഴെ പറയുന്ന ഗുണഭോക്താക്കൾ സമർപ്പിച്ചിരിക്കുന്ന രേഖകൾ പ്രകാരം പ്രൊജക്ട് നടപ്പിലാക്കുന്ന സമയത്ത് ഇവർക്ക് 60 വയസ്സ് പൂർത്തീകരിച്ചിരുന്നില്ല.

1) ഇന്ദിര, നെല്ലിക്കപ്പറമ്പിൽ എന്ന ഗുണഭോക്താവ് സമർപ്പിച്ചിരിക്കുന്ന ആധാർ കാർഡ് പ്രകാരം ജനന വർഷം 1962 ഉം, 11.01.2021 തീയതിയിൽ കുന്നംകുളം താലൂക്ക് ഓഫീസിൽ നിന്നും അനുവദിച്ച 53225756 നമ്പർ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രകാരം വയസ്സ് 59 ഉം ആണ്.

2) ശാന്ത, തിച്ചിപറമ്പിൽ എന്ന ഗുണഭോക്താവ് സമർപ്പിച്ചിരിക്കുന്ന ആധാർ കാർഡ് പ്രകാരം ജനന വർഷം 1967 ഉം, 11.09.2018 തീയതിയിൽ കുന്നംകുളം താലൂക്ക് ഓഫീസിൽ നിന്നും അനുവദിച്ച 35091914 നമ്പർ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രകാരം വയസ്സ് 52 ഉം ആണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 12/08.06.2022). ആയതിനാൽ മേൽ പതിനൊന്ന് ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകുന്നതിന് ചെലഴിച്ച തുകയായ (കട്ടിലൊന്നിന് 4350/- രൂപ നിരക്കിൽ) 47,850/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു പ്രക്രിയ നടക്കുന്നില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആധാർ നമ്പർ | പെൻഷൻ തരം | മരണപ്പെട്ട തീയതി | പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | സേവിയർ.ടി.വി, തരകൻ ഹൗസ് | 647077839990 | വാർദ്ധക്യകാല പെൻഷൻ | 05.01.2020 | മെയ് 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 2 | വിലാസിനി.എൻ.കെ, കടുക്കാട്ടെ വീട് | 776524864240 | വാർദ്ധക്യകാല പെൻഷൻ | 25.01.2020 | മെയ് 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 3 | പരമേശ്വരൻനായർ.കെ, കോനങ്ങത്ത് വീട് | 225842766787 | വാർദ്ധക്യകാല പെൻഷൻ | 10.02.2020 | മെയ് 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 4 | ചിന്നു, പുത്തൻപുരയ്ക്കൽ | 610772132637 | വാർദ്ധക്യകാല പെൻഷൻ | 26.12.2019 | ജൂൺ 2021 വരെയുള്ള പെൻഷൻ തുക |

| | | | | | |
|---|---|---|---|---|---|
| | | | | | അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 5 | രാജൻ.എൻ.എൻ | 278482115528 | വാർദ്ധക്യകാല പെൻഷൻ | 28.01.2020 | ഏപ്രിൽ 2020 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 6 | സെലീന.പി.ടി, പുത്തൂർ കൈതക്കോടൻ | 334211397716 | വാർദ്ധക്യകാല പെൻഷൻ | 27.01.2020 | ഒക്ടോബർ 2020 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 7 | ശങ്കരൻ.കെ.കെ, കീഴാലിപുറത്ത് | 650567488990 | വാർദ്ധക്യകാല പെൻഷൻ | 20.02.2020 | ഫെബ്രുവരി 2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

മേൽ സൂചിപ്പിച്ച ക്രമനമ്പർ 4 മുതൽ 7 വരെയുള്ളവരുടെ ഡാറ്റാ ബേസിൽ മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടില്ല, പകരം Account Closed For Transferred എന്നാണ് കാണിച്ചിരിക്കുന്നത്.

മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിന് മേൽ സർക്കാർ ഉത്തരവിലെയും, സർക്കുലർ നം 63/2021 ധന തിയ്യതി 02.08.2021 പ്രകാരമുള്ളതുമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 27/10.06.2022)

## 1-25 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ
പ്രൊജക്ട് നം.49/21, കന്നുകുട്ടി പരിപാലനം

അടങ്കൽ- വികസന ഫണ്ട്-500000, മറ്റുള്ളവ- 500000

ആകെ- 1000000

ചെലവ്- വികസന ഫണ്ട് – 500000 (വൗച്ചർ നം.22001314/14.1.21)

മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം. 713011400000034) കൈമാറിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 ആട് ഗ്രാമം പദ്ധതി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ
പ്രൊജക്ട്.നം.-43/21, ആട് ഗ്രാമം-വനിതകൾക്ക് ആട്ട വളർത്തൽ(ജനറൽ)

2020-21 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവു തുക താഴെ കൊടുക്കുന്നു.

| | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) |
|---|---|---|
| വകയിരുത്തിയത് | 396000 | 396000 |
| ചെലവ് | 222000 | 156000 |

വനിത കർഷകർക്ക് 15 Kg തൂക്കമുള്ള 2 ആടുകളെ വീതം നൽകുന്നതാണ് പ്രൊജക്ട്. വെറ്ററിനറി സർജന്റെ A2/4624/20 കത്ത് പ്രകാരം എം.ജി.നന്ദനൻ, പടിക്കപ്പറമ്പിൽ, തോന്നല്ലൂർ എന്നവരെ വിതരണക്കാരനായി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 5/2/21 തിയ്യതിയിലെ 11(22) നമ്പർ തീരുമാനപ്രകാരം ഭരണസമിതി മേൽ ശുപാർശ അംഗീകരിച്ചിട്ടുണ്ട്. 37 പേർക്ക് ആടുകളെ വിതരണം ചെയ്തതിന് വിതരണക്കാരന് നൽകിയ തുക താഴെ കൊടുക്കുന്നു.

| വികസനഫണ്ട് | | ഗുണഭോക്തൃവിഹിതം | |
|---|---|---|---|
| വൗച്ചർ നം/ തീയതി | തുക | ചെക്ക് നം/ തീയതി | തുക |

| | | | |
|---|---|---|---|
| 22001423/10.3.21 | 84000 | 1949831/29.3.21-432880 | 180000 |
| 22001442/23.3.21 | 96000 | 1949840/31.3.21-198440 | 72000 |
| 22001460/26.3.21 | 42000 | | |
| | 222000 | | 252000 |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഗുണഭോക്തൃവിഹിതമിനത്തിൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയ തുക ഏപ്രിൽ 2021 ന് മാത്രമാണ് ആടിനെ വിതരണം ചെയ്തയാൾക്ക് കൈമാറിയിട്ടുള്ളത്.

2) സുലേഖ സ്റ്റേറ്റ്മെന്റിൽ ഗുണഭോക്തൃവിഹിതമിനത്തിലെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 156000/- രൂപയാണ്. പ്രസ്തുത തുകയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകളോ, നിർവ്വഹണോദ്യോഗസ്ഥൻ മേൽ തുക ആടുകളെ വിതരണം ചെയ്ത വിതരണക്കാരന് നൽകിയതിന്റെയോ രേഖകൾ ലഭ്യമല്ല.

3) നിർവ്വഹണോദ്യാഗസ്ഥന് കൈമാറിയ തുക 252000/- രൂപയായിരിക്കെ ചെലവ് 1,56,000/- മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4) ജനറൽ വിഭാഗത്തിന് 50% സബ്സിഡിയ്ക്ക് മാത്രമാണ് അർഹതയെന്നിരിക്കെ വികസനഫണ്ട് ചെലവിൽ നിന്നും അധികരിച്ച് ഗുണഭോക്തൃവിഹിതം ഇനത്തിൽ 30000/- രൂപ അധികം അനുവദിച്ചിരിക്കുന്നു.

മേൽ അപാകതകളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/13.06.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-27 ഗുണഭോക്തൃ വിഹിതം കേരള ഫീഡ്സിന് കൈമാറുന്നതിൽ കാലതാമസം വരുത്തി

കറവപ്പശു കാലിത്തീറ്റ (ജനറൽ & എസ് സി)

ഗ്രാമപഞ്ചായത്തിലെ വനിതാ ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കേരള ഫീഡ്സ് കല്ലേറ്റുംകരയിൽ നിന്നും മങ്ങാട് പാൽ സൊസൈറ്റി മുഖേന കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പ്രൊജക്ടാണിത്.

| | ജനറൽ (41/21) | | എസ്.സി (42/21) | |
|---|---|---|---|---|
| സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് |
| വകയിരുത്തിയത് | 600000 | 600000 | 198000 | 66000 |
| ചെലവ് | 586000 | 586000 | 161790 | 53930 |

മേൽപ്പറഞ്ഞ പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃവിഹിതമിനത്തിൽ ഗ്രാമപഞ്ചായത്ത് കൈമാറിയ തുക വിതരണക്കാരന് കൈമാറുന്നതിന് കാലതാമസം വരുത്തിയതായി കാണുന്നു.

| എസ്.സി | | | | |
|---|---|---|---|---|
| ഇൻവോയ്സ് നം | തുക | വികസനഫണ്ടിൽ നിന്നും കൈമാറിയ തുക | ഗുണഭോക്തൃ വിഹിതമിനത്തിൽ കൈമാറിയ തുക | |
| KFLPI-20-21-31122/11.11.20 | 45220 | 33915 ('ട്രഷറി ബിൽ നം-2) | Chq.no.719197/11.1.21-22610 | |
| KFLPI-20-21-37567/22.12.20 | 45220 | 33915 ('ട്രഷറി ബിൽ നം-6) | 20880 | Chq.no.1949831/29.3.21-432880 |
| KFLPI-20-21-42484/27.1.21 | 41760 | 31320 ('ട്രഷറി ബിൽ നം-14) | 10440 | Chq.no.1949840/31.3.21-198440 |
| KFLPI-20-21-44900/11.2.21 | 41760 | 31320 ('ട്രഷറി ബിൽ നം-17) | | |
| KFLPI-20-21-49272/9.3.21 | 41760 | 31320 ('ട്രഷറി ബിൽ നം-21) | | |
| ആകെ | 215720 | 161790 | 53930 | |

ഗുണഭോക്തൃവിഹിതമിനത്തിൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയ തുക ഏപ്രിൽ 2021 ന് മാത്രമാണ് സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. എന്നിരിക്കിലും ചെക്ക് മുഖേന നിർവ്വഹണോദ്യാഗസ്ഥന് കൈമാറിയ തുക ചെലവായി കണക്കാക്കിയാണ് എക്സ്പെൻഡിച്ചർ തയ്യാറാക്കിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം കേരള ഫീഡ്സിന് കൈമാറുന്നതിന് കാലതാമസം വന്നതിന് കാരണം അറിയിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/13.06.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-28 സെക്രട്ടറി നടപ്പാലാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2020-21 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ | വൗച്ചർനം./തീയതി | തുക | നിർവ്വഹണ |
|---|---|---|---|---|

| നമ്പർ | പേരും | | | ഏജൻസി |
|---|---|---|---|---|
| 1 | 2/21- IKM വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | 22001215/14.08.20 | 1,05,075/- | ഇൻഫർമേഷൻ കേരള മിഷന് |
| 2 | 58/21- കാൻ ,തൃശ്ശൂർ (വികസന ഫണ്ട് ജനറൽ) | 22001274/11.11.20 | 1,00,000/- | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 3 | 61/21- എ.ബി.സി പദ്ധതി (വികസന ഫണ്ട് ജനറൽ) | 22001365/10.02.21 | 1,00,000/- | ജില്ലാ മിഷന് കോ-ഓർഡിനേറ്റർ, കുടുംബശ്രീ |
| 4 | 16/21- നെല്ലിക്കാപറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001457/ 26.03.21 | 4,33,656/- | ഭൂജല വകുപ്പ് |
| 5 | 63/21- നെല്ലുവായ് ക്ഷേത്ര പരിസര കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001242/08.10.20 | 5,00,000/- | ഭൂജല വകുപ്പ് |
| 6 | 257/21- എസ്.സി ഫ്ലാറ്റ് കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001264/03.11.20 | 6,35,000/- | ഭൂജല വകുപ്പ് |
| 7 | 125/21- കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001262/31.10.20 | 2,00,000/- | കേരള വാട്ടർ അതോറിറ്റി |
| 8 | 258/21- മാങ്ങാട് സെന്റർ കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001455/26.03.21 | 2,00,000/- | ഭൂജല വകുപ്പ് |
| 9 | 15/21- ലക്ഷം വീട് കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001458/26.03.21 | 2,15,238/- | ഭൂജല വകുപ്പ് |
| 10 | 14/21 – നെല്ലുവായ് തെക്കുമുറി കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001459/26.03.21 | 2,16,917/- | ഭൂജല വകുപ്പ് |
| 11 | 259/21- മേച്ചിൽപുറം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001315/15.01.21 | 1,00,000/- | ഭൂജല വകുപ്പ് |
| 12 | 13/21- മേച്ചിൽപുറം കുടിവെള്ള പദ്ധതി പൂർത്തീകരണം (ധനകാര്യ കമ്മീഷൻ അവാർഡ്) | 22001456/26.03.21 | 1,11,885/- | ഭൂജല വകുപ്പ് |
| 13 | 11/21- പോസ്റ്റ് മാറ്റൽ (തനത് ഫണ്ട്) | 22001115/29.03.21 | 20639 | K.S.E.B, കണ്ടന്നൂർ |
| | | 22000594/23.10.20 | 8,232 | |
| | | 22000652/10.11.20 | 68,371 | |

വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 9/08.06.2022)

## 1-29 പത്രപരസ്യ ചാർജ്ജ് - സർക്കാർ ഉത്തരവിനനുസരിച്ചുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

| ക്രമ നം | വൗച്ചർ നം. | തീയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 22000405 | 12.08.20 | മാതൃഭൂമി | 14807 |
| 2 | 22000826 | 05.01.21 | ,, | 8600 |
| 3 | 22001075 | 23.03.21 | ദേശാഭിമാനി | 8400 |

| | | | | |
|---|---|---|---|---|
| 4 | 22000620 | 03.11.20 | മാതൃഭൂമി | 8600 |
| | | ആകെ | | 40407 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/08.06.2022 നുള്ള മറുപടിയിൽ ഇനി മുതൽ ഡിസ്കൗണ്ട് കഴിച്ചുള്ള തുക മാത്രമേ അനുവദിക്കുകയുള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. ഡിസ്കൗണ്ട് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ വരും വർഷങ്ങളിലുള്ള ബില്ലുകളിൽ ടി. തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-30 ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2020-21 വർഷത്തിൽ അഡ്വ. സന്തോഷ്.പി.പൊതുവാൾ എന്നവർക്ക് വൗച്ചർ നം.22000706/27.11.20 പ്രകാരം 45,000/- രൂപ ഫീസ് നൽകിയിട്ടുണ്ട്.

1961 ലെ ആദായ നികതി നിയമം സെക്ഷൻ 194 ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/08.06.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു

| | |
|---|---|
| പ്രൊജക്ട് നംപർ | 88/20, 209/21 |
| പ്രൊജക്ട് | ചിറ്റണ്ട ചാത്തംകുളം റോഡ് അഴുക്ക്ചാൽ നിർമ്മാണം |
| സാങ്കേതികാനുമതി | 73456/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/82602 Dtd. 10.10.19 |
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ. സന്തോഷ് കുമാർ.എം.ബി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 75/AE/LSGD/EPTY/19-20 Dtd. 09.12.19 |
| എം.ബുക്ക് | 122/2019-20 |
| വൗച്ചർ നംപർ, തുക | 22001280/12.11.20 = 3,98,860 ( CFC Tied) |

മേൽ പ്രവൃത്തിയിൽ നാലാം ഇനം പ്രവൃത്തി P.C.C Grade M20 Nominal Mix(1:2:4) സിമന്റ് കോൺക്രീറ്റ് ആണ്. MORD സ്പെസിഫിക്കേഷൻ 800, 1200 എന്നിവയെ ആധാരമാക്കി തയ്യാറാക്കിയതാണ് നാലാം ഇനം പ്രവൃത്തിയുടെ ഡാറ്റ. എസ്റ്റിമേറ്റ് പ്രകാരം ഈ ഇനം പ്രവൃത്തിക്ക് അംഗീകരിച്ചിരിക്കുന്ന നിരക്ക് 7549.93/m³ ആണ്. പ്രസ്തുത ഡാറ്റയുടെ വിശദവിവരം താഴെ ചേർക്കുന്നു. ( Unit = Cum )

| Material/Labour | Unit | Quantity | Rate (Rs) | Cost(Rs) |
|---|---|---|---|---|
| A) Material | | | | |
| Cement | Tonne | 0.33 | 5792.24 | 1911.44 |
| Sand | Cum | 0.45 | 1303.77 | 586.7 |
| 40 Mm Aggregate | Cum | 0.36 | 1362.79 | 490.6 |
| 20 Mm Aggregate | Cum | 0.36 | 1403.77 | 505.36 |
| 10 Mm Aggregate | Cum | 0.18 | 1403.77 | 252.68 |
| B) Labour | | | | |
| Mate | Day | 0.08 | 407.00 | 32.56 |
| Mason(1st Class) | Day | 0.10 | 487.00 | 48.70 |
| Mazdoor(unskilled) | Day | 1.63 | 368.00 | 599.84 |
| Bhisti | Day | 0.27 | 407.00 | 109.89 |
| C) Machinery | | | | |
| Concrete Mixer 0.28/0.4cum Capacity Formwork@4% On (A+b+c) | Hour | 0.4 | 100.00 | 40.00 |
| Cost Of 1 Cum 4760.88 | | | | |
| Add Overhead @ 10% 476.08 | | | | |
| Add Contractors Profit @ 10% 523.69 | | | | |

| |
|---|
| Cost Index @ 31.06% 1789.26 |
| Total With Cost Index 7549.93 |
| Say 7549.93 |

ഈ ഡാറ്റ പ്രകാരം സിമന്റ് കോൺക്രീറ്റിന് Fine Aggregate (Sand) 0.45m³ ഉപയോഗിക്കുമ്പോൾ Coarse Aggregate 0.90m³ ( 0.36 + 0.36 + 0.18 ) ആണ് ഉപയോഗിച്ചിരിക്കുന്നത്. ഉപയോഗിച്ചിരിക്കുന്ന സിമന്റിന്റെ അളവ് 330 Kg ( 0.33 Metric Tonne ) ആണ്. MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് ( ടേബിൾ 800.6 ) P.C.C Grade M20 Nominal Mix സിമന്റ് കോൺക്രീറ്റിന് 50 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass ( Fine Aggregate + Coarse Aggregate ) 250 Kg മതിയാകുന്നതാണ്. എന്നാൽ മേൽ ഡാറ്റയിൽ 330 Kg സിമന്റിന് ഉപയോഗിച്ചിരിക്കുന്ന Dry Aggregate ന്റെ Mass 2812.50 Kg ആണ് ( Density Of Fine Aggregate ഏറ്റവും ചുരുങ്ങിയത് 1450 Kg/m³, Density Of Coarse Aggregate ഏറ്റവും ചുരുങ്ങിയത് 2400 Kg/m³ ആണെന്നിരിക്കെ Dry Aggregate ന്റെ Mass = (0.45 X 1450) + (0.90 X 2400) = 652.5 + 2160 = 2812.50 ). അതായത് MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് ( ടേബിൾ 800.6 ), 330 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass 1650 Kg മതിയെന്നിരിക്കെ 2812.50 Kg ഉപയോഗപ്പെടുത്തേണ്ട ആവശ്യകത ഇല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഡാറ്റയിൽ ഉപയോഗപ്പെടുത്തുന്ന Fine Aggregate (Sand) ന്റെയും, Coarse Aggregate ന്റെയും അളവ് വളരെ കൂടുതൽ ആണ്. ഇത് കാരണം ഈ ഇനം പ്രവൃത്തിയുടെ നിരക്ക് അർഹമായതിലും അധികം ഉയർന്ന് നിൽക്കുന്നു.

മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.20/10.06.22)

## 1-32 കാന നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റിയപ്പോൾ ലഭിച്ച കരിങ്കല്ലിന്റെ തുടർ വിവരം ആവശ്യപ്പെടുന്നു

ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചിറ്റണ്ട ചാത്തംകുളം റോഡ് അഴുക്ക്ചാൽ നിർമ്മാണം (151/21 നംപർ) പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. 76578/2019-20 നംപരായി സാങ്കേതികാനുമതി ലഭിച്ച ഈ പ്രോജക്ടിന് 22001180/07.05.20 വൌച്ചർ പ്രകാരം CFC ജനറലിൽ നിന്നും 493411 രൂപയും, 22001319/16.01.21 വൌച്ചർ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 500000രൂപയും ചെലവ് വന്നിട്ടുണ്ട്.

ഈ പ്രോജക്ട് ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം കാന നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റിയപ്പോൾ പഴയസൈഡ് കെട്ടിന്റെ 17 ഘനമീറ്റർ കരിങ്കല്ല് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തന്റെ 04.03.20 ലെ 10/AE/LSGD/EPTY/2020 നംപർ കത്ത് പ്രകാരം, ഘനമീറ്റർ കരിങ്കല്ലിന് 865 രൂപ പ്രകാരം 17 ഘനമീറ്റർ കരിങ്കല്ലിന് 14705 രൂപ മൂല്യം നിശ്ചയിച്ച് ആയത് ലേലം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുടർ വിവരം ഫയലിൽ നിന്നും ലഭ്യമല്ല.

ആയതിനാൽ കാന നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റിയപ്പോൾ ലഭിച്ച 17 ഘനമീറ്റർ കരിങ്കല്ല് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ലേലം നടന്നിട്ടില്ലെങ്കിൽ കാരണം അറിയിക്കേണ്ടതും, പ്രസ്തുത കരിങ്കല്ലിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

(ഓഡിറ്റ് എൻക്വയറി നം. 28/10.06.22)

## 1-33 ഡവലപ്പ്മെന്റ് ഫണ്ട് SCP യിൽ നിന്നും ചെലവ് - രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

1) ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചീനിക്കുണ്ട് കോളനി റോഡ് റീ ടാറംഗ് (212/21 നംപർ) പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. 6848/2019-20 നംപരായി സാങ്കേതികാനുമതി ലഭിച്ച ഈ പ്രോജക്ടിന് 22001251/19.10.20 വൌച്ചർ പ്രകാരം ഡവലപ്പ്മെന്റ് ഫണ്ട് SCP യിൽ നിന്നും 275131 രൂപയും, 22001250/19.10.20 വൌച്ചർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ൽ നിന്നും 38900 രൂപയും ചെലവ് വന്നിട്ടുണ്ട്. ഡവലപ്പ്മെന്റ് ഫണ്ട് SCP യിൽ നിന്നും പണം ചെലവഴിച്ചിട്ടുള്ളതിനാൽ, പട്ടികജാതി വികസന ഓഫീസർ നൽകുന്ന സോഷ്യൽമാപ്പും, ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഈ ഇനത്തിലെ ചെലവിനെ സാധൂകരിക്കുന്നതിന് അവശ്യം വേണ്ടതാണ്. എന്നാൽ പ്രോജക്ട് ഫയലിൽ പ്രസ്തുത രേഖകൾ ഇല്ല. അതിനാൽ പ്രസ്തുത രേഖകൾ പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 22/10.06.22) മറുപടി ലഭിച്ചില്ല. അതിനാൽ പട്ടികജാതി വികസന ഓഫീസർ നൽകുന്ന സോഷ്യൽമാപ്പും, ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതുവരെ ഡവലപ്പ്മെന്റ് ഫണ്ട് SCP യിൽ നിന്നും ചെലവഴിച്ച 275131 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വെള്ളക്കുന്ന് (ബിജു) റോഡ് കോൺക്രീറ്റിംഗ് (193/21 നംപർ) പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. 15878/2018-19 നംപരായി സാങ്കേതികാനുമതി ലഭിച്ച ഈ പ്രോജക്ടിന് 22001470/27.03.21 വൌച്ചർ പ്രകാരം ഡവലപ്പ്മെന്റ് ഫണ്ട് SCP യിൽ നിന്നും 147800 രൂപയും, 22001105/29.03.21 വൌച്ചർ പ്രകാരം തനത് ഫണ്ടിൽ നിന്നും 38778രൂപയും ചെലവ് വന്നിട്ടുണ്ട്. ഡവലപ്പ്മെന്റ് ഫണ്ട് SCP യിൽ നിന്നും പണം ചെലവഴിച്ചിട്ടുള്ളതിനാൽ, പട്ടികജാതി വികസന ഓഫീസർ നൽകുന്ന സോഷ്യൽമാപ്പും, ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഈ ഇനത്തിലെ ചെലവിനെ സാധൂകരിക്കുന്നതിന് അവശ്യം വേണ്ടതാണ്. എന്നാൽ പ്രോജക്ട് ഫയലിൽ പ്രസ്തുത രേഖകൾ ഇല്ല. അതിനാൽ പ്രസ്തുത രേഖകൾ പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 29/10.06.22) മറുപടി ലഭിച്ചില്ല. അതിനാൽ പട്ടികജാതി വികസന ഓഫീസർ നൽകുന്ന സോഷ്യൽമാപ്പും, ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതുവരെ ഡവലപ്പ്മെന്റ് ഫണ്ട് SCP യിൽ നിന്നും ചെലവഴിച്ച 147800രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 GST Compensation ഇനത്തിൽ തുക അനുവദിച്ച് നൽകിയത് ക്രമത്തിലല്ല

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ ( ഖണ്ഡിക(4) ) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work ( Bitumen Contractor Supply ) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE /6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. 04.04.18 ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emulsion, Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation ന് അർഹതയില്ലാത്തതാണ്. ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ പ്രവൃത്തിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നംപർ | 188/20, 135/21 |
| പ്രൊജക്ട് | ചിറ്റണ്ട പടിഞ്ഞാറ്റുമുറി ചാത്തൻകുളം റോഡ് റീടാറിംഗ് |
| സാങ്കേതികാനുമതി | 54347/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/55787 Dtd.26.06.18 |
| സാങ്കേതികാനുമതി തുക | 4,50,000 രൂപ |
| കരാറുകാരൻ | ശ്രീ. സ്റ്റാൻലി.കെ.പി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | AE/LSGD/EPTY/18-19/36 Dtd.09.08.18 |
| എം.ബുക്ക് | 46/19-20 |
| വൗച്ചർ നംപർ, തുക | 21901326/27.03.20 = 1,99,377( O F )<br>(ചെക്ക് നംപർ 1762375/27.03.20)<br>22001155/12.04.20 = 2,50,000 ( MG R)<br>(ട്രഷറി ബിൽ നം. 84/19-20 Dtd. 27.03.20) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 436288 |
| (+) GST Compensation | 13089 |
| ആകെ | 449377 |
| (-) ബിറ്റുമിൻ കാലി ബാരൽ വില | 6459 |
| (-) ആദായനികുതി 1% | 4494 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 4494 |
| (-) CGST 1% | 4494 |
| (-) SGST 1% | 4494 |
| കരാറുകാരന് നൽകിയത് | 424942 |

ഇപ്രകാരം അനർഹമായി GST Compensation ഇനത്തിൽ അനുവദിച്ച് നൽകിയ 13089 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാൻ സാധിക്കാതെ വന്നാൽ, പ്രസ്തുത തുക അനുവദിച്ചു നൽകിയ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/10.06.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 GST Compensation ഇനത്തിൽ തുക അനുവദിച്ചു നൽകിയത് ക്രമത്തിലല്ല

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ ( ഖണ്ഡിക(4) ) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work ( Bitumen Contractor Supply ) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE /6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. 04.04.18 ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emulsion, Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation ന് അർഹതയില്ലാത്തതാണ്. ഇപ്രകാരം അനർഹമായി GST Compensation അനുവദിച്ച് നൽകിയ പ്രവൃത്തിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നംപർ | 188/20, 135/21 |
| പ്രൊജക്ട് | ചിറ്റണ്ട പടിഞ്ഞാറ്റുമുറി ചാത്തൻകുളം റോഡ് റീടാറിംഗ് |
| സാങ്കേതികാനുമതി | 54347/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/55787 Dtd.26.06.18 |
| സാങ്കേതികാനുമതി തുക | 4,50,000 രൂപ |
| കരാറുകാരൻ | ശ്രീ. സ്റ്റാൻലി.കെ.പി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | AE/LSGD/EPTY/18-19/36 Dtd.09.08.18 |
| എം.ബുക്ക് | 46/19-20 |
| വൗച്ചർ നംപർ, തുക | 21901326/27.03.20 = 1,99,377( O F )<br>(ചെക്ക് നംപർ 1762375/27.03.20)<br>22001155/12.04.20 = 2,50,000 ( MG R)<br>(ട്രഷറി ബിൽ നം. 84/19-20 Dtd. 27.03.20) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 436288 |
| (+) GST Compensation | 13089 |
| ആകെ | 449377 |
| (-) ബിറ്റുമിൻ കാലി ബാരൽ വില | 6459 |
| (-) ആദായനികുതി 1% | 4494 |

| | |
|---|---|
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 4494 |
| (-) CGST 1% | 4494 |
| (-) SGST 1% | 4494 |
| കരാറുകാരന് നൽകിയത് | 424942 |

ഇപ്രകാരം അനർഹമായി GST Compensation ഇനത്തിൽ അനുവദിച്ച് നൽകിയ 13089 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കാൻ സാധിക്കാതെ വന്നാൽ, പ്രസ്തുത തുക അനുവദിച്ച നൽകിയ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/10.06.22)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്കുകൾ B4 പട്ടികയുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഗ്രാമപഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ B18 പട്ടികയുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

വായ്പാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ പ്രകാരമുള്ള വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന നിർമ്മാണം | LF511/2018 | DATED 02/01/2019 | | 55,10,551 | 0 | 73,91,363* |

* തൻവർഷം 18,80,812/- രൂപ ഈയിനത്തിൽ ലഭിക്കുകയുണ്ടായി.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,61,40,552 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,83,11,355 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,089 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,70,781 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34/3-1 | 13,089 | ശ്രീ.പ്രസൂൺ.പി.പി, അസി.എഞ്ചിനീയർ |
| ആകെ | 13,089 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 47,850 | ശ്രീമതി.സുനന്ദ.ഇ.ആർ, അസി.സെക്രട്ടറി |
| 1-33(1) | 2,75,131 | ശ്രീ.മനോജ് മുഹമ്മദ്, അസി.എഞ്ചിനീയർ |
| 1-33(2) | 1,47,800 | ശ്രീ.മനോജ് മുഹമ്മദ്, അസി.എഞ്ചിനീയർ |
| ആകെ | 4,70,781 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീമതി.സുനന്ദ.ഇ.ആർ, അസി.സെക്രട്ടറി | വിരമിച്ചു | തടത്തിൽ വീട്, പേരാമംഗലം |
| ശ്രീ.മനോജ് മുഹമ്മദ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ വീട്, പോട്ടോർ.പി.ഒ, തൃശ്ശൂർ |
| ശ്രീ.പ്രസൂൺ.പി.പി, അസി.എഞ്ചിനീയർ | വിരമിച്ചു | പൊന്നംപറമ്പിൽ വീട്, ഗുരുവായൂർ.പി.ഒ, പിൻ-680101 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 20 – 1249/98 /28.9.98 |
| 1981-82 | |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1985-86 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1986-87 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1987-88 | എൽ.എഫ്.ടി. 7 – 829/90/10.10.19991 |
| 1988-89 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90, 1991-92 | എൽ.എഫ്.ടി. 9 – 362/1993/14.5.1993 |

| | |
|---|---|
| 1992-93, 1993-94 | എൽ.എഫ്.ടി. 9 – 431/95/25.6.96 |
| 1994-95 | എൽ.എഫ്.ടി. 20 – 75/2001/07.4.2001/31.5.2001 |
| 1995-96 | എൽ.എഫ്.ടി. 20 – 89/2001/7.4.2001 / 31.5.2001 |
| 1996-97 | എൽ.എഫ്.ടി. 9 – 426/98/26.9.98 |
| 1997-98, 1998-99 | എൽ.എഫ്.ടി. 20 – 20/1734/1999/5.8.2000 |
| 1999-2000 | എൽ.എഫ്.ടി. 20 – 20/685/2004 |
| 2000-2001, 2001-02 | എൽ.എഫ്.ടി. 17/686/2004 |
| 2002-03 | എൽ.എഫ്.ടി. 17 – 444/ 2006/17.6.2006 |
| 2003-04 | എൽ.എഫ്.ടി. 17 – 2207/2007/31.5.08 |
| 2004-05 | എൽ.എഫ്.ടി. 17 – 2425/2007/31.5.08 |
| 2005-06 | എൽ.എഫ്.ടി. 17- 2426/2007/16.10.08 |
| 2006-07 | എൽ.എഫ്.ടി. 17 – 1130/10/20.1.2011 |
| 2007-08 | എൽ.എഫ്.ടി.17 – 1131/10/ 20.1.2011 |
| 2008-09 | എൽ.എഫ്.ടി. ( പി3) 218/11/29.11.2011 |
| 2009-10 | എൽ.എഫ്.ടി. (പി 3) 218/11/29.11.2011 |
| 2010-11 | എൽ.എഫ്.ടി. (പി 1)2274 / 12/8.3.13 |
| 2011-12 | എൽ.എഫ്.ടി.(പി 1) 732/13/12.8.13/ 17.10.13 |
| 2012-13 | എൽ.എഫ്. ടി.(പി 5) 2148 / 13/ 5.7.14 /30.9.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.5.327/ 15/20.8.15/5.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.5/1217/16/23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.5/2227/16/6.1.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ പി5-195/17 തീയതി 29.08.17/06.10.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി5)1727/2018 തീയതി 23.11.2018 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി5)1048/19, തീയതി: 14/08/19 |
| 2019- 20 | കെ.എസ്.എ.ടി.എസ്.ആർ.(പി5)991/2022 തീയതി: 01-07-2022. |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്